# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 606 — 10-03-2015-ൽ മറുപടിക്ക്

### അരീക്കരക്കുന്ന് മെഡിസിറ്റി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ.വിജയൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ അരീക്കരക്കുന്ന് കേന്ദ്രമായ മെഡിസിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ; | (എ) | കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജലമണ്ഡലത്തിലെ ചേക്കാട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട അരീക്കരക്കുന്നിൽ മെഡിസിറ്റി പദ്ധതിയുടെ നടത്തിപ്പി ലേയ്ക്കായി 30 എക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി.ക്ക് ദീർഘകാല പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു.<br><br>പ്രസ്തുത ഭൂമി ചേക്കാട് വില്ലേജിൽ നിന്ന് സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത് പൊതു ആവശ്യത്തിനായി നീക്കിവച്ച റീസർവ്വേ നം.58, 30/1 എ1 എന്നിവയിൽപ്പെട്ട 133.93 ഏക്കർ ഭൂമി, റവന്യൂ പുറമ്പോക്ക് ഭൂമിയാക്കി ഇനം മാറ്റിയതിൽ ഉൾപ്പെട്ട തായിരുന്നു.<br><br>ടി ഉത്തരവിൻ പ്രകാരം 30 ഏക്കർ ഭൂമി ലഭിക്കുന്നതിനായി കെ.എസ്.ഐ. ഡി.സി ഔപചാരിക അപേക്ഷ സമർപ്പി ക്കുകയുണ്ടായി. എന്നാൽ സ്ഥലം ഉടമകൾ റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ |

| | | | |
|---|---|---|---|
| | | | സർവ്വേ ജോലികൾ തടസ്സപ്പെടുത്തി. ഇതിന്മേലുള്ള തീരുമാനത്തിലേയ്ക്കായി പ്രസ്തുത വിഷയം 2011 മുതൽ താലൂക്ക് ലാൻഡ് ബോർഡിന്റെ പരിഗണനയിലാണ്. |
| **(ബി)** | പ്രസ്തുത മെഡിസിറ്റി നിർമ്മാണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ; | **(ബി)** | ഈ സർക്കാർ പദ്ധതി നടത്തിപ്പിനായി 2011-12ലെ വാർഷിക പദ്ധതിയിൽ 2.00 കോടി രൂപ വകയിരുത്തി കെ.എസ്.ഐ.ഡി.സി.ക്ക് നല്കുകയും 2012-13ലെ വാർഷിക പദ്ധതിയിൽ വീണ്ടും ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു |
| **(സി)** | പ്രസ്തുത മെഡിസിറ്റി ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | **(സി)** | ഭൂമി ഏറ്റെടുക്കൽ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവിന് വിധേയമായിട്ടു മാത്രമേ സാധിക്കുകയുള്ളു. ഭൂമി കെ.എസ്.ഐ.ഡി.സി.യ്ക്ക് പാട്ടകരാർ വ്യവസ്ഥയിൽ ലഭ്യമായാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ